MONDAY

16/03/2026

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : SINDHU. K S    Editor : Dr. G.Pramodkumar



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/03/2026

1. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. കാർഷിക മേഖലയിലെ ഡ്രോൺ സാധ്യതകൾ, സ്മാർട്ട് കൃഷി രീതികൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കി മാറ്റുന്നതിനായി അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് ഏപ്രിൽ 15 മുതൽ മെയ് 15 വരെ അപേക്ഷിക്കാം. റാഫ്താർ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ വേറിട്ട ആശയങ്ങളുള്ള പ്രീ- സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പദ്ധതിയിലൂടെ ആശയങ്ങൾ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി 5 ലക്ഷം വരെ ധന സഹായവും, നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെ ധനസഹായവും ലഭ്യമാക്കുന്നു. നിലവിൽ സംരംഭം തുടങ്ങിയ സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി 25 ലക്ഷം രൂപ വരെ ധന സഹായം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക, വാണിജ്യ ആവശ്യങ്ങൾക്കായി സർട്ടിഫൈഡ് ഡ്രോൺ പൈലറ്റുമാരെ വാർത്തെടുക്കുക, ഡ്രോൺ പ്രവർത്തനം, കേടുപാടു തീർക്കൽ, ഡാറ്റാധിഷ്ഠിത ഫാം മാനേജ്മെൻ്റ് എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്നിവയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കാർഷിക ഡ്രോണുകൾക്കുപരി നിരീക്ഷണത്തിനും വിള ഇൻഷുറൻസിനുമുള്ള മിനിഡ്രോണുകളുടേയും പരിശീലനവും സർവ്വകലാശാലയിലെ ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി കാർഷിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റിൽ വച്ച് **ശാസ്ത്രീയ പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ 2026 മാർച്ച് 23ന് (23.03.2026) നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

3. റബ്ബർ ബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി. 2026 മാർച്ച് 17, 18 തീയതികളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ റബ്ബറുത്പന്ന നിർമാണത്തിൽ ഓൺലൈൻ ആയി പരിശീലനം നൽകുന്നു. പരിശീലന മാധ്യമം മലയാളം ആയിരിക്കും. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in

**കാർഷിക നിർദേശം**

പച്ചക്കറി വിളകളിൽ വിവിധതരം ജീവാണുക്കളെ ഉപയോഗിച്ച് കീടരോഗ നിയന്ത്രണം നടത്തുന്നതുവഴി വിഷമില്ലാത്ത പച്ചക്കറികൾ വിളയിക്കാം. മീലിമൂട്ടകൾ, ശല്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം എന്ന കുമിളും ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ എന്ന കുമിളും, ചിതൽ, വേരുതീനി പുഴുക്കൾ, പച്ചത്തുള്ളന്റെ ഉപദ്രവം മൂലം പാവലിലും പടവലത്തിലും ഉണ്ടാകുന്ന ഇലകരിച്ചിൽ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്ന കുമിളും വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിൽ (BCCP) ലഭ്യമാണ്. ഇവ 15 മുതൽ 20 ഗ്രാം വരെ ഒരു ലിറ്റർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളത്തിൽ കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം. വഴുതന, വെള്ളരി, പയറുവർഗ്ഗ വിളകൾ എന്നിവയിൽ കാണുന്ന തൈചീയൽ, കായ്ചീയൽ, തണ്ടുചീയൽ, ഇലപ്പൊട്ട്, മഞ്ഞളിപ്പ് രോഗങ്ങൾ എന്നിവയ്ക്കെതിരെ സ്യൂഡമോണാസ് ഫ്ളൂറസൻസ്, ട്രൈക്കോഡെർമ തുടങ്ങിയ മിത്ര സൂക്ഷ്മാണുക്കൾ വളരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം